Kerala Homestay and Tourism Society
Reg No: ER 99/08

Kerala Hats
Kerala Homestay & Tourism Society

പ്രിയ ശ്രീ കൊടിയേരി ബാലകൃഷ്ണൻ,

മൂന്നാറിലെ ഹോംസ്റ്റേ സംരംഭകരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ കത്ത്.

മൂന്നാർ ദൗത്യ സംഘത്തിന്റെ പ്രവർത്തനം തുടങ്ങിയതോടെ ഇവിടുത്തെ ഹോംസ്റ്റേ സംരംഭകർ നിത്യ ദുരിതത്തിലാണ്. ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന പവിത്രം, ശ്രീശൈലം എന്നീ ഹോംസ്റ്റേകളുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ദൗത്യസംഘം നോട്ടീസ് നൽകിയിരിക്കുകയാണ്. ചെറുകിട കർഷകരേയും വീട്ടുടമകളെയും ദ്രോഹിക്കില്ലെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയ ശേഷമാണ് ദൗത്യസംഘം ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ഈ രണ്ട് ഹോംസ്റ്റേകളും പത്ത് സെന്ററിൽ താഴെയുള്ള പുരയിടത്തിലാണ് പ്രവർത്തിക്കുന്നത്. ദൗത്യസംഘം നൽകിയിട്ടുള്ള നോട്ടീസ് പിൻവലിച്ച് ഹോംസ്റ്റേ സുഗമമായി പ്രവർത്തിക്കു ന്നതിനുള്ള സാഹചര്യം ഒരുക്കണം.

മൂന്നാറിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. ടൂറിസം വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമില്ലാത്ത തരത്തിലാണ് പല ഹോംസ്റ്റേകൾക്കും അംഗീകാരം നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ മൂന്നാർ, തേക്കടി, കുമളി പ്രദേശങ്ങ ളിലെ ഹോംസ്റ്റേ ക്ലാസിഫിക്കേഷനുകൾ പുനഃപരിശോധിക്കുകയും, അംഗീകാരമില്ലാത്തവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ലക്ഷ്വറി ടാക്സിന്റെ പേരിൽ നികുതി ഉദ്യോഗസ്ഥർ ഇവിടുത്തെ ഹോംസ്റ്റേകളിൽ വ്യാപകമായി പരിശോധന നടത്തുന്നതു മൂലം സംരംഭകർക്ക് സുഗമമായി നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. 2008 ഏപ്രിൽ ഒന്നു മുതലാണ് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളതെങ്കിലും പലർക്കും വൻതുകകുള്ള നോട്ടീസ് ഇതിനകം തന്നെ നൽകിയിരിക്കുകയാണ്. സബ് മീറ്റർ ഘടിപ്പിക്കാൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാൻ ബോർഡ് അധികാരികൾ ശ്രദ്ധിക്കുന്നില്ല.

സർക്കാരിന്റെ അംഗീകാരത്തോടെ മാന്യമായി നടത്തുന്ന ഹോംസ്റ്റേ കളിൽ പോലീസ് നടത്തുന്ന അനധികൃത പരിശോധന ഒഴിവാക്കണം.

Chairman - Prof. K V Thomas MLA - 9847077150 | Vice President - Jagadish Kumar - 9846044211
Director - M P Sivadathan - 9349253124 | Technical Expert - Dr. K Muraleedhara Menon - 9387812067

Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala. Email: keralahats@gmail.com

സഞ്ചാരികളെ സംബന്ധിച്ച വിവരങ്ങളെല്ലാം സി ഫോമിലൂടെ പോലീസിനെ അറിയിച്ച ശേഷവും പോലീസ് പരിശോധന നടത്തുന്നത് സഞ്ചാരിക്കും സംരംഭകർക്കും ഒരുപോലെ പ്രയാസമുണ്ടാക്കുന്നു.

ഇക്കാര്യങ്ങളിൽ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

**പ്രൊഫ. കെ.വി. തോമസ് എം.എൽ.എ**
ചെയർമാൻ
കേരള ഹാറ്റ്സ്

27-11-2008

To ശ്രീ. കോടിയേരി ബാലകൃഷ്ണൻ,
ബഹു. ആഭ്യന്തര ടൂറിസം മന്ത്രി
തിരുവനന്തപുരം